ഉത്തരം

(എ&ബി) 1998-ൽ ആണ് അവസാനമായി മറ്റ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് എ. എം. വി. ഐ. തസ്തികയിൽ ജോലി നൽകിയത്.

(സി) 1-1-1990-ന് ശേഷം 10 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നൽകാറില്ല.

(ഇ) 1-1-1990-ന് ശേഷം 138 പേരെ നിയമിച്ചിട്ടുണ്ട്. (1975 മുതൽ 31-12-1989 വരെയുള്ള കാലഘട്ടത്തിലെ വിവരം പിന്നീട് അറിയിക്കുന്നതാണ്.)

(എഫ്) 1-1-1990-ന് ശേഷം 20 പേർക്ക് എ. എം. വി. ഐ. ആയി തസ്തിക മാറ്റം നടത്തിയിട്ടുണ്ട്. (1975 മുതൽ 1999 വരെയുള്ള കാലഘട്ടത്തിലെ നിയമനങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

മോട്ടോർവാഹനവകുപ്പിലെ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി

76 (3608) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ആവശ്യങ്ങൾക്കുവേണ്ടി മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ എത്തുന്നവർ നേരിടുന്ന പ്രയാസം ലഘൂകരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ വിവിധതരം സർവ്വീസുകൾക്കുള്ള ഫീസ് പുതുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) മുൻനിരക്കുമായി താരതമ്യം ചെയ്താൽ എത്രശതമാനം വർദ്ധനവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം ടാക്സും ഫീസും സ്വീകരിക്കുന്ന ഗുമസ്തനു തന്നെ ഇവ ഒപ്പിട്ടു നൽകുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഈ നടപടി കൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് രസീത് നൽകാൻ തീരുമാനിച്ചതുകാരണം പൊതുജനങ്ങൾക്ക് വീണ്ടും ഓഫീസുമായി ബന്ധപ്പെടാൻ കൂടുതൽ സൗകര്യം ലഭിച്ചു. ഇതിനുപരിയായി ഓഫീസുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുവാനായി എൻകയറി കൗണ്ടറിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ പരിഷ്കാരങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ വകുപ്പിലെ മേലുദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തി വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഡി) ഉണ്ട്. വിവിധതരം സർവ്വീസുകൾക്കുള്ള ഫീസ് പുതുക്കുവാൻ സർക്കാർ കേരള മോട്ടോർ വാഹന ചട്ടം 164-ൽ ഭേദഗതി വരുത്തി കരടു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മുൻ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 200 മുതൽ 571% വരെ വർദ്ധന ഉണ്ടായിട്ടുണ്ട്.

ജലഗതാഗത വികസനം

77 (3609) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗതം വികസിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബോട്ടുജെട്ടികളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കുമോ ?

ഉത്തരം

(എ) പശ്ചിമ തീരകനാലിൽ ഉൾപ്പെടുന്ന ടി.എസ്.കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉപകനാലുകളായ ചമ്പക്കര കനാലും ഉദ്യോഗമണ്ഡൽ കനാലും ദേശീയജലപാത-3 ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന എല്ലാ വികസന നവീകരണ പ്രവർത്തനങ്ങളും കേന്ദ്രസർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറിയായ ഇർലാന്റ് വാട്ടർ വെബ്സ് അതോറിട്ടി ഓഫ് ഇന്ത്യ വഴിയാണ് നടത്തി വരുന്നത്. ഈ ജലപാതയുടെ ആഴവും വീതിയും കൂട്ടുക, ജലഗതാഗത ടെർമിനലുകൾ നിർമിക്കുക, ലോക്കുകളുടെ നിർമ്മാണം പുനരുദ്ധാരണം മുതലായ ജോലികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. കൂടാതെ ജലപാതകളുടെ പുനരുദ്ധാരണത്തിനായി താഴെപറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്.

1. കൊറ്റി-കോട്ടപ്പുറം-വളപട്ടണം പറശ്ശിനിക്കടവ് റൂട്ടിൽ ഗതാഗതം സുഗമ മാക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡ്രഡ്ജിംഗ്, പാർശ്വഭിത്തി നിർമ്മാണം, പാലങ്ങളുടെയും ജെട്ടികളുടെയും നിർമ്മാണം എന്നിവ ഉൾപ്പെടെ നവീകരണ ജോലികൾ പൂർത്തിയായി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly